(3) ഗ്രാറ്റിവിറ്റി നൽകുന്നതിലുള്ള കാലതാമസം.

(4) സസ്പെൻഷൻ നടപടികൾ പൂർത്തിയാക്കി തിരിയെ പ്രവേശിപ്പിക്കുന്നതിൽ വരുത്തുന്ന കാലതാമസം.

(5) കാരായ്മ ജീവനക്കാർക്കും ഡിപ്പാർട്ടുമെൻറൽ നോമിനികൾക്കും വേതന വർദ്ധനവ്.

(6) വെൽഫെയർ ഫണ്ട്.

(7) വാച്ചറൻമാരുടെ ഡ്യൂട്ടിസമയം.

(8) ഫുൾടൈം ഒഴിവുകളിൽ പാർട്ടൈംകാരെ പ്രമോട്ടു ചെയ്യുക.

(9) ശാന്തിക്കാരുടെ പ്രത്യേക അലവൻസ്.

(10) നാദസ്വരകലാകാരൻമാർക്ക് സ്പെഷ്യൽ അലവൻസ്.

(11) സേവന വ്യവസ്ഥകളിൽ ഭേദഗതി.

(12) ഹയർഗ്രേഡ് സർവ്വീസ് അനുസരിച്ച്.

(13) സ്ഥലംമാറ്റത്തിന് പൊതുതത്വം—ജോലി ജോയിൻ സമയവും യാത്രാച്ചെലവും.

(14) സബ് ഗ്രൂപ്പ് ഓഫീസേഴ്സ് ടെസ്റ്റ് പാസായവർക്ക് പ്രമോഷൻ.

(15) അവധിദിവസങ്ങളിൽ ജോലി ചെയ്യുന്നതിന് ഇരട്ടി വേതനം.

(16) വാർഷിക മെഡിക്കൽ അലവൻസ്.

(17) വേതനനിർമ്മാണ വായ്പ.

(18) ശാന്തിക്കാർക്ക് വസ്ത്ര അലവൻസ്.

(19) ആനക്കാർക്ക് റിസ്ക് അലവൻസും തീറ്റിക്കൂലിയിൽ വർദ്ധനവും.

(20) പെൻഷൻ സർക്കാർ നിരക്കിലാക്കുക; പിൽക്കാല പ്രാബല്യം.

(സി) ദേവസ്വം ബോർഡ് അധികൃതരും യൂണിയൻ പ്രതിനിധികളുമായി ജൂലൈ എട്ടാംതീയതി നടന്ന ചർച്ചയിൽ പ്രശ്നം പരിഹരിച്ചു കഴിഞ്ഞു.

ഇപ്പോഴത്തെ വിദ്യുച്ഛക്തി മന്ത്രിയെ തിരിച്ചെടുക്കുന്നതിനെ സംബന്ധിച്ച നിയമാപദേശം

* 206 [238] ശ്രീ. കെ. ഇ. ഇസ്മയിൽ:
,, വി. കെ. രാജൻ:
,, കെ. വി. സുരേന്ദ്രനാഥ്:
ഡോക്ടർ എ. സുബ്ബറാവു:
ശ്രീ. കെ. ടി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഇപ്പോഴത്തെ വിദ്യുച്ഛക്തിമന്ത്രിയെ, മന്ത്രിസഭയിൽ തിരിച്ചെടുക്കുന്നതിന് മുൻപ് ജസ്റ്റീസ് ജാനകിയമ്മയോട് നിയമോപദേശം ആവശ്യപ്പെട്ടിരുന്നുവോ;

(ബി) എങ്കിൽ അവർ നൽകിയ നിയമോപദേശം എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

(ബി) വെളിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നില്ല.

അന്വേഷണ കമ്മീഷനുകൾ

* 207 [239] ശ്രീ. ടി. കെ. ആറുമുഖൻ:
,, എ. കെ. പത്മനാഭൻ:
,, ജി. വരദൻ:
,, ടി. കെ. അബ്ദു:
,, വി. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം അന്വേഷണ റിപ്പോർട്ടുകളാണ് ഇതിനകം സർക്കാരിനു ലഭിച്ചിട്ടുള്ളത്;

(സി) ഏതെല്ലാം അന്വേഷണ റിപ്പോർട്ടുകളാണ് ഇനി ലഭിക്കുവാനുള്ളത്;

(ഡി) എത്ര അന്വേഷണ കമ്മീഷനുകളുടെ കാലാവധി ദീർഘിപ്പിച്ചുകൊടുത്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ആഭ്യന്തരവകുപ്പിൽ 13, വിജിലൻസ് വകുപ്പിൽ 2, മറ്റു വകുപ്പുകളിലെ വിവരം ശേഖരിച്ചുവരുന്നു.

(ബി, സി) ആഭ്യന്തര വകുപ്പിൽ നിന്നും വിജിലൻസ് വകുപ്പിൽ നിന്നും നിയമിച്ചവരുടേത് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഡി) റിപ്പോർട്ടു ലഭിച്ച എല്ലാ കമ്മീഷനുകളുടെയും കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടായിരുന്നു. അന്വേഷണം നടന്നുകൊണ്ടിരിക്കുന്നതിൽ രണ്ടു കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്.

സംവരണ സമുദായങ്ങളുടെ പ്രാതിനിധ്യത്തെക്കുറിച്ച് അന്വേഷിക്കാൻ നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ട്

* 208 [240] ശ്രീ. വി. ദിനകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംവരണ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ എന്നന്വേഷിക്കാൻ നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly